**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 15** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ഗോത്രമൂപ്പൻ നൽകിയ 20.10.23ലെ പി.കെ.ജി.എം./306/10/2023-24/ടി.വി.എം. നമ്പർ നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത നിവേദനത്തിലെ ക്രമ നം. 1, 20 എന്നീ ആവശ്യങ്ങൾ പരിശോധിച്ച് അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. (ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു). നിവേദനത്തിലെ 2 മുതൽ 19 വരെയുള്ള ആവശ്യങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധിച്ചു വരുന്നു.

**(ബി)** വനാവകാശ നിയമപ്രകാരം പട്ടിക ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള കൈവശ വസ്തുവിന് ഭൂനികുതി ഒഴിവാക്കിയും വിവിധ ആവശ്യങ്ങൾക്ക് ബാങ്കിൽ പണയപ്പെടുത്തുവാൻ അനുമതി ലഭിക്കുന്ന രീതിയിലും സൗജന്യ റവന്യൂ പട്ടയം അനുവദിച്ചു നൽകുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വനാവകാശ നിയമ പ്രകാരം വനാവകാശരേഖ അനുവദിച്ചിട്ടുള്ള വ്യക്തിഗത പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഊരുകൾ (Forest Village) എന്നിവ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാകളക്ടർ മാരെ ചുമതലപ്പെടുത്തി സ.ഉ.(കൈ) നം. 30/2025/ആർ.ഡി തീയതി 03.02.2025 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ ജില്ലാ കളക്ടർമാർ മുഖേന സ്വീകരിച്ചു വരുന്നു.

ഇപ്രകാരം റവന്യൂ വില്ലേജുകൾ ആക്കി ക്കഴിഞ്ഞാൽ ഭൂമിക്ക് BTR ഉണ്ടാക്കി കരം സ്വീകരിക്കുകയും കൈവശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. വനാവകാശ നിയമ പ്രകാരം രേഖ അനുവദിക്കുന്നത് റിസർവ് വന ഭൂമിയിൽ ആണ്. ഇത് കേന്ദ്ര വിഷയം ആയതിനാൽ നിയമ നിർമാണത്തിന് കൂടുതൽ പരിശോധന ആവശ്യമാണ് .

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

റവന്യൂ (ആർ) വകുപ്പ്

നമ്പർ.റവ-ആർ1/161/2023-റവ 18-04-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.ചെമ്പൻകോട്.വി.മണികണ്ഠൻ
കളത്തിൽ വൈദ്യൻ തിരുവടികൾ
പൂജാരി നട, നെടുംപോങ്ങ് ഊരു,
ഇളവട്ടം.പി.ഒ, (വഴി) പച്ച,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കേരളത്തിലെ ആദിവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്.

സൂചന:- 1. താങ്കളുടെ 20.10.2023 തീയതിയിലെ PKGM/306/10/2023-'24/tvm നമ്പർ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സമർപ്പിച്ച മേൽ അപേക്ഷയിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട ക്രമ നമ്പർ 1, 20 എന്നിവയിന്മേലുള്ള മറുപടി താഴെപറയും പ്രകാരം അറിയിക്കുന്നു:

**ക്രമ നമ്പർ 1**

സംസ്ഥാനത്ത് കൈവശ ഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിന് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കിയിട്ടുള്ളതും ആയതിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങളും ഉൾപ്പെട്ടുവരുന്നതുമാണ്. പട്ടികവർഗ്ഗക്കാരുടെ ഭൂമി മാത്രമായി റീസർവ്വെ നടത്തുന്നത് പ്രായോഗികമല്ല. എന്നാൽ ആദിവാസി ഭൂമി അന്യാധീനപ്പെടുകയും TLA കേസുകൾ (Tribal Land allienation Case) ബന്ധപ്പെട്ട സബ് കളക്ടർ /ആർ.ഡി.ഒ കാര്യാലയങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഭൂമി തിട്ടപ്പെടുത്തുന്നതിന് പട്ടികവർഗ്ഗക്കാരുടെ ഭൂമിയ്ക്ക് മാത്രമായി സർവ്വെ നടപടികൾ സ്വീകരിയ്ക്കാറുണ്ട്.

ആദിവാസി ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമിക്ക് പതിവു മുഖേന പട്ടയം നൽകുമ്പോഴുള്ള നിബന്ധനകളിൽ ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഭൂമി അനുവദിയ്ക്കുന്നതിനുള്ള ചട്ടങ്ങളിൽ പട്ടയ ഫോറങ്ങളെ സംബന്ധിച്ചും

ആയതിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളും വ്യക്തമാക്കിയിട്ടുള്ളതാണ്. ജില്ല-താലൂക്ക്-വില്ലേജ്- പട്ടാദാരുടെ പേര്-സർവ്വെ നമ്പർ-സബ് ഡിവിഷൻ നമ്പർ - ഭൂമിയുടെ തരം-വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങളാണ് സാധാരണയായി രേഖപ്പെടുത്തുന്നത്. പട്ടയത്തിൽ കുടുംബ ഫോട്ടോ പതിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതും, എന്നാൽ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തണമെന്ന ആവശ്യം പ്രായോഗികമല്ലെന്ന് കാണുന്നു.

1999 -ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമത്തിലെ വകുപ്പ് 5(2) പ്രകാരം 2 ഹെക്ടർവരെയുള്ള ഭൂമി പട്ടികവർഗ്ഗക്കാരാല്ലാത്തവർക്ക് കാർഷികാവശ്യങ്ങൾക്ക് മാത്രമായി കൈവശം വയ്ക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. 2 ഹെക്ടറിൽ കൂടുതൽ പട്ടികവർഗ്ഗ ഭൂമി പട്ടികവർഗ്ഗക്കാരല്ലാത്തവർ കൈവശം വയ്ക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി പട്ടികവർഗ്ഗക്കാർക്ക് പുനഃസ്ഥാപിച്ചു നൽകുന്നതിന് ബന്ധപ്പെട്ട സബ് കളക്ടർ/ആർ.ഡി.ഒ കാര്യാലയങ്ങളിൽ 1999-ലെ നിയമത്തിലെ വകുപ്പ്-7 പ്രകാരം അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്.

അതോടൊപ്പം 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമത്തിലെ വകുപ്പ്-4 പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ ഭൂമി കൈമാറ്റം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ആവശ്യപ്പെട്ട് ഭൂമിയുടെ ഉടമസ്ഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ അപേക്ഷ സമർപ്പിക്കുമ്പോൾ ഭൂമി കൈമാറുന്നതിനായി അപേക്ഷയിൽ പറയുന്ന കാരണങ്ങളുടെ നിജസ്ഥിതിയും, ഭൂമി കൈമാറുന്നതിലൂടെ അപേക്ഷകൻ ഭൂരഹിതനാകുന്നില്ലായെന്നും, അത്യാവശ്യ കാര്യങ്ങൾക്കായാണ് ഭൂമി കൈമാറുന്നതെന്ന് ഉറപ്പാക്കിയുമാണ് പട്ടികവർഗ്ഗ വകുപ്പിന്റെയും, റവന്യൂ വകുപ്പിന്റെയും വിശദമായ അന്വേഷണത്തിന് ശേഷം ഭൂമി കൈമാറ്റത്തിന് അനുമതി നൽകുന്നത്.

പട്ടയം അനുവദിക്കുന്നതിനുള്ള നിബന്ധനകളിൽ ആയത് ലംഘിയ്ക്കപ്പെട്ടാൽ പട്ടയം റദ്ദ് ചെയ്യപ്പെടാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പട്ടയ ഭൂമിയിൽ സർക്കാരിനും വകുപ്പിനുമുള്ള നിയന്ത്രണം വ്യക്തമാക്കുന്നു. എന്നാൽ ഊരുമൂപ്പൻ എന്നത് പട്ടയ ഭൂമിയിൽ കൈവശക്കാരനുള്ള അവകാശങ്ങൾ തീരുമാനിയ്ക്കുന്ന അധികാര സ്ഥാനമല്ല. അപ്രകാരം അധികാരങ്ങൾ അനുവദിച്ചു നൽകണമെന്നുള്ള ആവശ്യം അംഗീകരിക്കത്തക്കതല്ല.

കൂടാതെ പട്ടയഭൂമി ഈട് ആയി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എല്ലാത്തരം വായ്പകളും അനുവദിയ്ക്കുന്നത് സംബന്ധിച്ച് **03.10.2019-ൽ എ3/263/2017-റവ നമ്പർ ആയി സർക്കാർ പരിപത്രം** പുറപ്പെടുവിച്ചിട്ടുള്ളതും ആയതിൽ പട്ടയ ഭൂമി ഈട് വച്ച് വായ്പയെടുക്കുന്നതിന് അനുമതി

നൽകിയിട്ടുള്ളതുമാണ്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

പട്ടയം രേഖകൾ മലയാളത്തിലും ഇംഗ്ലീഷിലും ഉൾപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

ഭൂനിയമങ്ങളും ചട്ടങ്ങളും നിയമനിർമ്മാണ സഭ പാസ്സാക്കുന്നത് സർക്കാർ പതിച്ചു നൽകുന്ന ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനും പട്ടയ ഭൂമിയിലെ കൈവശക്കാരന്റെ അവകാശങ്ങൾ സംരക്ഷിയ്ക്കുന്നതിനുമാണ്. ഏതെങ്കിലും വിധത്തിൽ ഹാനികരമാകുന്ന വ്യവസ്ഥകൾ ഉൾപ്പെട്ടാൽ ആയതിൽ ഭേദഗതികൾ വരുത്താവുന്നതുമാണ്.

ക്രമ നമ്പർ 20

കുറുപുഴ വില്ലേജിൽ സർവ്വെ നമ്പർ **688/1-7** ൽ ശ്രീമതി.ഭാർഗ്ഗവിയുടെ മാതാവിന്റെ വസ്തുവിൽ പിൻതുടർച്ചാവകാശം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് **19.12.2023** തീയതിയിലെ **LR/1711/2021-LR(J8)** നമ്പർ കത്തു പ്രകാരം ലാൻഡ് റവന്യു കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ വിവരങ്ങൾക്കായി തിരുവനന്തപുരം ജില്ലാകളക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,
നിഷ കെ.കെ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.